നമ്പർ: എച്ച് (2)/35985/2016/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 01.07.2016

## <u>സർക്കുലർ</u>

വിഷയം:- പൊതു വിദ്യാഭ്യാസം - തസ്തിക നിർണ്ണയം 2016-17 - കുട്ടികളുടെ യു.ഐ.ഡി സഹിതമുള്ള വിവരങ്ങൾ Sixth Working Day 2016 ൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്കുള്ള സമയപരിധി സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽനിന്നുള്ള 25.06.2016 ലെ ഇതേ നമ്പർ സർക്കുലർ.

*****

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ 'സമ്പൂർണ'യിലുള്ള കുട്ടികളുടെ യു.ഐ.ഡി സഹിതമുള്ള വിവരങ്ങൾ ഐ.ടി @ സ്കൂളിന്റെ വെബ്സൈറ്റിലെ (www.itschool.gov.in) Sixth Working Day 2016 -ൽ കൂടി പ്രതിഫലിപ്പിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി സൂചനയിലെ സർക്കുലർ പ്രകാരം 30.06.2016 വരെയാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ ഈ സമയപരിധി അപര്യാപ്തമാണെന്നും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അൽപ്പം കൂടി സമയം അനുവദിക്കണമെന്നും നിരവധി പ്രഥമാധ്യാപകർ അപേക്ഷിക്കുകയുണ്ടായി. ആയതിനാൽ കുട്ടികളുടെ യു.ഐ.ഡി സഹിതമുള്ള വിവരങ്ങൾ ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിലെ Sixth Working Day 2016 ൽ കൂടി ചേർക്കുന്നതിനുള്ള സമയപരിധി 07.07.2016 വരെ ദീർഘിപ്പിച്ചിരിക്കുന്നു ഇതിനുശേഷം ഈ പ്രവർത്തനങ്ങൾക്കായി യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതല്ല. 07.07.2016 വൈകിട്ട് 5 മണി മുതൽ ഈ വെബ്സൈറ്റ് ലഭ്യമാകുന്നതല്ല.

07.07.2016 നുമുമ്പ് പ്രഥമാദ്ധ്യാപകർ മേൽപറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ:

1. സംസ്ഥാനത്തെ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)
2. എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പ്രഥമാദ്ധ്യാപകർക്ക് ഈ സർക്കുലർ ലഭിച്ചുവെന്ന് എ.ഇഒ/ഡി.ഇ.ഒ മാർ ഉറപ്പുവരുത്തേണ്ടതും, പ്രഥമാദ്ധ്യാപകരുടെ അടിയന്തരയോഗം വിളിച്ചുചേർത്ത് ആവശ്യമായ വിശദീകരണം നൽകേണ്ടതുമാണ് )
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും)
5. പകർപ്പ് / കരുതൽ ഫയൽ.